# യൂണിവേഴ്സിറ്റി ഓഫ് കാലിക്കറ്റ്

## ആഭ്യന്തര ഓഡിറ്റ് വിഭാഗം (ഫിനാൻസ് ബ്രാഞ്ച് )

തൃശ്ശൂർ ജില്ലയിൽ വലപ്പാട് എന്ന തീരദേശത്ത് 2002 മെയ് 29 ന് സ്ഥാപിക്കപ്പെട്ട BEdസെന്റർ ചുറ്റമതിൽ കെട്ടി സംരക്ഷിക്കപ്പെട്ടിട്ടുള്ളതും സർവകലാശാല സ്വന്തമായി നിർമിച്ചിട്ടുള്ളതുമായ കെട്ടിടത്തിൽ പ്രവർത്തിച്ചു വരുന്നു.

ഭാവിയിലെ അധ്യാപകർക്ക് സാങ്കേതികവിദ്യയുടെയും മാനുഷിക സ്പർശത്തിൻറെയും ശരിയായ മിശ്രണത്തിലൂടെ, ഗുണനിലവാരമുള്ള വിദ്യാഭ്യാസം നൽകി അതിലൂടെ സമൂഹത്തെ വിദ്യാസമ്പന്നരാക്കുകയാണ്, വലപ്പാടിന്റെ തീരദേശ ഗ്രാമപ്രദേശത്ത് സ്ഥിതിചെയ്യുന്ന കോളേജിന്റെ പ്രധാന ലക്ഷ്യം.

**ഓഡിറ്റ് തിയ്യതി** : 10.07.2019 & 11.07.2019

**ഓഡിറ്റ് സംഘാംഗങ്ങൾ** : 1. മനോജ് കുമാർ.ടി
2. സുമലത പി. ടി

**ഓഡിറ്റ് ഓഫീസർ :** രജനീദേവി . പി.കെ

**ഓഡിറ്റ് സംഘം പരിശോധിച്ചതിന്മേലുള്ള കണ്ടെത്തലുകളും തടസ്സ വാദങ്ങളും**

| നം | **പരിശോധിച്ച രെജിസ്റ്ററുകൾ / രേഖകൾ, കണ്ടെത്തലുകൾ/ കുറിപ്പുകൾ.** | **തടസ്സ വാദങ്ങൾ** | **അഭിപ്രായങ്ങൾ / നിർദേശങ്ങൾ** |
|---|---|---|---|
| 1 | **ഓഫീസ്**<br>ഓഫീസ് നടപടിക്രമങ്ങൾക്കായി DDFS സംവിധാനം ഉപയോഗിക്കുന്നില്ല. | *ഓഫീസ് നടപടിക്രമങ്ങൾക്കും ഫയലുകളിൽ തീർപ്പു കൽപിക്കുന്നതിനുമായി DDFS സംവിധാനം ഉപയോഗിക്കുന്നില്ല. | a) കാലിക്കറ്റ് സർവകലാശാലയുടെ ഓഫീസുകളിൽ ഓഫീസ് നടപടികൾക്കായി DDFSസംവിധാനം ഉപയോഗിക്കേണ്ടതാണ്. ഇതിനായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ആവശ്യമായ നിർദ്ദേശങ്ങൾക്കായി, സർവകാലയുടെ DDFS സാങ്കേതിക വിഭാഗവുമായി ബന്ധപ്പെടേണ്ടതാണ്. |
| 2 | **കാഷ് ബുക്ക്**<br>**A/c** 57014279564 SBI Triprayar.<br>**നീക്കിയിരിപ്പ്**<br>26.02.2019 തിയ്യതിക്ക് കാഷ് ബുക്ക് പ്രകാരം : 1,91,695/<br>ബാങ്ക് രേഖകൾ പ്രകാരം : 1,91,695/.<br>*നീക്കിയിരിപ്പുതുക ബാങ്കുമായി ഐക്യപ്പെടുത്തിയ തിയ്യതി :26.2.2019<br>*ബാങ്ക് അക്കൗണ്ട് **ഡയറക്ടർ** എന്ന പേരിൽ ആണ്. | *ബാങ്ക് അക്കൗണ്ടിലുള്ള നീക്കിയിരിപ്പു തുക സ്ഥാപനത്തിലെ കാഷ് ബുക്കിലെ നീക്കിയിരിപ്പു തുകയുമായി കൃത്യമായ ഇടവേളകളിൽ ഒത്തു നോക്കി ഐക്യപ്പെടുത്തി കാഷ് ബുക്കിൽ രേഖപ്പെടുത്തി സ്ഥാപന മേധാവിയുടെ മേലൊപ്പ് വാങ്ങി സൂക്ഷിക്കുന്നില്ല.<br>*സ്ഥാപനത്തിന്റെ നിലവിലുള്ള ബാങ്ക് അക്കൗണ്ട് സ്ഥാപനമേധാവിയുടെ ഔദ്യോഗിക പദവിയുടെ പേരിൽ ഉള്ള സേവിങ്സ് അക്കൗണ്ട് അല്ല. | a) ബാങ്ക് അക്കൗണ്ട് **പ്രിൻസിപ്പാൾ** എന്ന പേരിൽ **സേവിങ്സ് അക്കൗണ്ട്** ആയി തുടരേണ്ടതാണ് .<br>b) കാഷ് ബുക്ക് നീക്കിയിരിപ്പു തുക കൃത്യമായ ഇടവേളകളിൽ **ബാങ്ക് അക്കൗണ്ട് നീക്കിയിരിപ്പുമായി ഒത്തുനോക്കി ഐക്യപ്പെടുത്തി കാഷ് ബുക്കിൽ രേഖപ്പെടുത്തി സ്ഥാപന മേധാവിയുടെ മേലൊപ്പ് വാങ്ങി സൂക്ഷിക്കേണ്ടതാണ്** |
| 3 | **ഇ ഗ്രാന്റ്സ് അക്കൗണ്ട് രജിസ്റ്റർ**<br>കണക്കുകൾ രെജിസ്റ്ററിൽ രേഖപ്പെടുത്തുന്നതിനായി തുടർന്നു വരുന്ന രീതിയിൽ ചില മാറ്റങ്ങൾ ആവശ്യമാണ്.<br>A/c No. 30956182274 SBI.<br>Mejo K.G, എന്ന വ്യക്തിയുടെ പേരിലുള്ളതും, Smt. Prajitha T.S നോമിനിയായിട്ടുള്ളതുമായ SBI കറന്റ് എക്കൗണ്ട് വഴിയാണ് ഇ ഗ്രാൻറ്സ് ഇടപാടുകൾ തുടർന്ന് വരുന്നത്.<br>പരിശോധനാസമയത്ത് അക്കൗണ്ടിൽ | *ഇ ഗ്രാന്റ്സ് സംബന്ധിച്ച ഇടപാടുകൾ വ്യവസ്ഥാപിതമായ രീതിയിൽ രേഖപ്പെടുത്തുന്നില്ല. നിലവിലുള്ള ബാങ്ക് അക്കൗണ്ടിലും മാറ്റം ആവശ്യമാണ്.<br>*സ്ഥാപനത്തിന്റെ പേരിലുള്ള കറന്റ് അക്കൗണ്ട് വഴിയല്ല ഇടപാടുകൾ നടത്തുന്നത്.<br>*ഇ ഗ്രാന്റ്സ് അക്കൗണ്ടിൽ നീക്കിയിരിപ്പു തുകയുള്ളതായി കാണുന്നു. | a) ഒരു വ്യക്തിയുടെ പേരിൽ തുടരുന്ന അക്കൗണ്ട് മാറ്റി **സ്ഥാപനത്തിന്റെ പേരിലുള്ള കറന്റ് അക്കൗണ്ട് വഴി മാത്രം ഇ ഗ്രാന്റ്സ് സംബന്ധമായ ഇടപാടുകൾ തുടരേണ്ടതാണ്.**<br>b) ഇ ഗ്രാന്റ്സ് ഇടപാടുകൾക്കുള്ള കറന്റ് അക്കൗണ്ട് **നീക്കിയിരിപ്പു തുകയൊന്നുമില്ലാതെ തുടരേണ്ടതാണ്.** |

| | | | |
|---|---|---|---|
| | 12,59,756/- രൂപ നീക്കിയിരിപ്പുള്ളതായി കാണുന്നു. | | |
| 4 | **PTA കാഷ് ബുക്ക്**<br>A/c No. 3829. Valapad Service Co-operative Bank Ltd.<br>പാസ്സ് ബുക്ക് നീക്കിയിരിപ്പ് : 280835/-<br>കാഷ് ബുക്ക് നീക്കിയിരിപ്പ് : 280835/-<br>അനുബന്ധ ബില്ലുകൾ / വൗച്ചറുകൾ / മിനുട്സ് എന്നിവ പരിശോധിച്ചു.<br>അപാകതകളില്ല | പരാമർശമില്ല | അപാകതകളില്ല |
| 5 | **കണ്ടിൻജന്റ് ബിൽ രജിസ്റ്റർ**<br>**അഡ്മിഷൻ രജിസ്റ്റർ**<br>**ഹാജർ പുസ്തകം**<br>**പി എ രജിസ്റ്റർ**<br>**സ്റ്റോക്ക് രജിസ്റ്റർ**<br>സൂക്ഷിക്കുന്നുണ്ട്.<br>പരിശോധിച്ചു.<br>അപാകതകളില്ല | പരാമർശമില്ല | അപാകതകളില്ല |
| 6 | **അപ്പ്രോപ്രിയേഷൻ രജിസ്റ്റർ**<br>സൂക്ഷിക്കുന്നുണ്ട് | പരാമർശമില്ല | അപാകതകളില്ല |
| 7 | **ഉത്തരക്കടലാസുകളുടെ രെജിസ്റ്റർ**<br>സൂക്ഷിക്കുന്നുണ്ട് | നിലവിൽ അനുവർത്തിച്ച് വരുന്ന സമ്പ്രദായത്തിൽ ചില മാറ്റങ്ങൾ വരുത്തേണ്ടതാണ്. | a) സെമസ്റ്റർ/ വാർഷിക പരീക്ഷകൾ കഴിയുന്ന മുറയ്ക്ക് ഉത്തരക്കടലാസുകളുടെ **സ്റ്റോക്ക് പരിശോധിച്ച് കൃത്യത ഉറപ്പുവരുത്തി സ്ഥാപന മേധാവി സാക്ഷ്യപ്പെടുത്തി ഒപ്പുവെക്കേണ്ടതാണ്** |
| 8 | **ഓഡിറ്റ് പരിശോധനകൾ സംബന്ധിച്ച രജിസ്റ്റർ**<br>സൂക്ഷിക്കേണ്ടതാണ് | ഓഡിറ്റ് പരിശോധനകൾ സംബന്ധിച്ച രജിസ്റ്റർ സൂക്ഷിക്കുന്നില്ല. | a) വിവിധ **ഓഡിറ്റ് പരിശോധനകൾ സംബന്ധിച്ച വിവരങ്ങളും, പരാമർശിക്കപ്പെട്ട തടസ്സവാദങ്ങളും ഈ രെജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്.** തടസ്സവാദങ്ങൾ നീക്കപ്പെടുമ്പോൾ ആയതും, നിലനിൽക്കുന്ന തടസ്സവാദങ്ങളും ഈ രെജിസ്റ്ററിൽ ഉണ്ടായിരിക്കേണ്ടതാണ്. |